# <u>30 വർഷത്തിനു ശേഷം പ്രതി പിടിയിൽ</u>.

കഞ്ചാവ് കൃഷി നടത്തി ഒളിവിൽ പോയ പ്രതി 30 വർഷത്തിനു ശേഷം പോലിസ് പിടിയിലായി. കുട്ടമ്പുഴ പള്ളത്തുപറമ്പിൽ മോഹനൻ (65) ആണ് കുട്ടമ്പുഴ പോലിസിൻറെ പിടിയിലായത്. കുട്ടമ്പുഴ കല്ലേലിമേട് ഭാഗത്താണ് ഇയാളും സുഹൃത്തുക്കളും കൂടി വനം കയ്യേറി കഞ്ചാവ് കൃഷി നടത്തിയത്. പോലിസ് സ്ഥലം കണ്ടെത്തി കേസെടുത്തതിനെ തുടർന്ന് ഇയാളും കൂട്ടാളികളും ഒളിവിൽ പോവുകയായിരുന്നു. നാലു പേരെ നേരത്തെ പിടികൂടി. ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിന് ലഭിച്ച രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിൽ വടകരയിൽ നിന്നുമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. എസ്.എച്ച്.ഒ കെ.എം. മഹേഷ് കുമാർ, എ്.എസ്.ഐ അനിൽകുമാർ, എസ്.സി.പി.ഒ മാരായ കെ.എ) അഭിലാഷ് ശിവൻ എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.